**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ്- അംഗസമാശ്വാസ നിധി സ്കീമിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 23/2020 /സഹ. തീയതി, തിരുവനന്തപുരം, 02/11/2020**

---

പരാമർശം: 1. സർക്കാരിന്റെ 22.06.2018 ലെ സ.ഉ (കൈ) നം 22/2018/സഹ നമ്പർ ഉത്തരവ്

2. സർക്കാരിന്റെ 17.09.2018 ലെ സ.ഉ (കൈ) നം 34/2018/സഹ നമ്പർ ഉത്തരവ്

3. സഹകരണ സംഘം രജിസ്ട്രാറുടെ 22.10.2020 തീയതിയിലെ ജി(1) 4234/2020 നമ്പർ കത്ത്

## <u>ഉത്തരവ്</u>

കേരള സഹകരണ സംഘം നിയമം വകുപ്പ് 56 (1) സി, ചട്ടം 53 എ എന്നിവ പ്രകാരം കേരള സഹകരണ അംഗസമാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ച് കേരള സഹകരണ അംഗസമാശ്വാസ നിധി നടപ്പിലാക്കുന്നതിനുള്ള സ്കീം പരാമർശം (1) (2) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അംഗസമാശ്വാസ നിധിയിൽ ഭേദഗതി വരുത്തുന്നതിന് ഹൈലെവൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു.

പ്രസ്തുത സ്കീമിൽ ചുവടെപ്പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

9. **<u>അംഗം</u>** : അംഗം എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തു, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ എ ക്ലാസ്സ് ഷെയർ ഉള്ള വ്യക്തി അംഗമായിരിക്കും. ടി വ്യക്തി അംഗസമാശ്വാസ നിധി ആനുകൂല്യത്തിന്

അപേക്ഷിക്കുന്ന തീയിതിയിൽ കുറഞ്ഞത് അംഗമായി 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം.

ചട്ടം 5(1) മാരക രോഗ ബാധിതരായവർ [അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/ വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതരമായ ഹൃദയ ശസ്ത്ര ക്രിയയ്ക്ക് ( ബൈപ്പാസ് / ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾ മാറ്റി വയ്ക്കൽ ശസ്ത്ര ക്രിയയ്ക്ക് വിധേയരായവർ) ]

ചട്ടം 5(ii) വാഹനാപകടത്തിൽ പെട്ട് ശയ്യാവലംബരായവർ.

ചട്ടം 5. (iii): മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത മക്കൾ.

ചട്ടം 9 (ജി) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ടി ധന സഹായം ചട്ടം 5 പ്രകാരമുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പരമാർശിച്ചിരിക്കുന്ന രോഗങ്ങൾക്ക് ചുവടെപ്പറയുന്ന രീതിയിൽ നിജപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ധനസഹായം ലഭിക്കുന്ന ചികിത്സകൾ | ധനസഹായ തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/ വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയ രായിക്കൊണ്ടിരിക്കുന്നവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോ സിസ്), കരൾ മാറ്റിവയ്ക്കൽ ശസ്ത്ര ക്രിയയ്ക്ക് വിധേയരായവർ, | 10,000/- മുതൽ 50,000/- രൂപ വരെ | |
| 2 | പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതരമായ ഹൃദയ ശസ്ത്ര ക്രിയയ്ക്ക് വിധേയരായവർ (ബൈപാസ് സർജറി/ഓപ്പൺ ഹാർട്ട് സർജറി), എച്ച്.ഐ.വി ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവ ലംബരായവർ | 5,000/- മുതൽ 40,000/- രൂപ വരെ | |

| | | | |
|---|---|---|---|
| 3 | മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ | 5,000/- മുതൽ 15,000/- രൂപ വരെ | |

ചട്ടം 9 എ( ii)(3) അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സ രേഖകൾ( ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ചാർജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തയതിനു ശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

ചട്ടം 9 (ഡി) സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.അപേക്ഷ സമർപ്പിക്കേണ്ട പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (ഉള്ളടക്കം 1) .

ചട്ടം 9 (എച്ച്) ചെക്ക് ലഭിക്കുന്ന മുറയ്ക്ക് സംഘം അപേക്ഷകന് നേരിട്ട് ധനസഹായ തുക നൽകേണ്ടതും , ധന സഹായം അനുവദിച്ച തുകയുടെ വിശദാംശം അടുത്തതായി കൂടുന്ന പൊതുയോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. ഒരു കാരണവശാലും ടി പദ്ധതി പ്രകാരം അംഗത്തിന് അനുവദിക്കുന്ന ധന സഹായം സംഘം/ബാങ്ക് ടി അംഗത്തിന്റെ വായ്പ/മറ്റ് ബാധ്യതകളിൽ ( മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യപ്പെട്ട പ്രായപൂർത്തിയാകാത്ത മക്കൾക്ക് അനുവദിക്കുന്ന ധനസഹായം ഒഴികെ) വരവ് വയ്ക്കാൻ പാടുള്ളതല്ല.

ചട്ടം 9 (ജെ) ഈ സ്കീമിൽ നിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും. സ്കീമിൽ നിന്നും ധനസഹായം ലഭിക്കുന്നത് ഒരു അംഗത്തിന്റെ അവകാശമല്ല. ഒരിക്കൽ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച

കുടുംബത്തിൽപ്പെട്ടവർക്കും സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് ചികിത്സ ധനസഹായം ലഭിച്ച അംഗങ്ങൾക്കും (റിസ്ക് ഫണ്ട് ധന സഹായം ഒഴികെ) ടി ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

പരാമർശ ഉത്തരവുകൾ മേൽ ഭേദഗതിയോടൊപ്പം നിലനിൽക്കുന്നതാണ്.

പകർപ്പ്:-

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. കമ്മറ്റി അംഗങ്ങൾ (സഹകരണ രജിസ്ട്രാർ മുഖേന)
3. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

## ഉള്ളടക്കം (1)

| ക്രമനമ്പർ | അംഗത്തിന്റെ പേര് | സംഘം | ആധാർ നമ്പർ (mandatory) | അംഗ നമ്പർ/മെമ്പർഷിപ്പ് എടുത്ത തീയതി/ പൂർത്തീകരിച്ച കാലാവധി | അപേക്ഷകനോ അദ്ദേഹത്തിന്റെ കുടുംബാഗംങ്ങൾക്കോ ഇതിനു മുമ്പ് അംഗ സമാശ്വാസ നിധി പദ്ധതി പ്രകാരം ആനുകൂല്യം ല്യമായിട്ടുണ്ടോ | ജില്ല | താലൂക്ക് | അപേക്ഷിക്കാനുള്ള കാരണം (രോഗ വിവരം) / അപേക്ഷ ക്രമ പ്രകാരമാണോ/ ശുപാർശ | ശുപാർശ ചെയ്യു തുക(ജോയിന്റ് രജിസ്ട്രാർ (ജനറൽ) | ശുപാർശ ചെയ്യുന്ന തുക (സഹകരണ സംഘം രജിസ്ട്രാർ) | അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

## സാക്ഷ്യ പത്രം (2)

മേൽ വിവരങ്ങൾ അന്വേഷണത്തിൽ ശരിയാണെന്നും അപേക്ഷകൻ /സഹകാരിയ്ക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അർഹതയുണ്ടെന്നും/അർഹത ഇല്ലെന്നും ആയതിനാൽ ..........................................................രൂപ അനുവദിക്കാവുന്നതാണ്/ പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

ആഫീസ് മുദ്ര                                        അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
തീയതി

---

.................................................തീയതിയിലെ ..................................................................... ടെ അപേക്ഷ ഉന്നത തല കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തീയതി                                        ജോയിന്റ് രജിസ്ട്രാർ (ജനറൽ)

---

................................. മത് ഉന്നത തല കമ്മറ്റിയുടെ ..........................................................തീയതിയിലെ ........................................ മത് നമ്പർ തീരുമാന പ്രകാരം ........................................രൂപ അനുവദിച്ചു.

ചെയർമാൻ                    ഗവൺമെന്റ് സെക്രട്ടറി                    കൺവീനർ